# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 25

04.06.2018 — ൽ മറുപടിക്ക്

## ദേശീയ ഭക്ഷ്യഭദ്രതാനിയമം

**ചോദ്യം**

ശ്രീ.എം. നൗഷാദ്
,, എസ്.ശർമ്മ
,, സി.കൃഷ്ണൻ
,, കെ. ബാബു :

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാനിയമത്തിന്റെ ഭാഗമായി റേഷൻ കടകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ;

(ബി) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി ഓരോ കാർഡിന്റെയും റേഷൻ വിതരണം, ഓരോ കടയിലെയും റേഷൻ സാധനങ്ങളുടെ അളവ്, വിതരണക്രമം മുതലായവ പൊതുജനങ്ങൾക്ക് പോർട്ടൽ വഴി കാണാൻ സാധിക്കുന്ന സാങ്കേതിക സംവിധാനം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(എ) യും (ബി) യും: ഉണ്ട്. സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ഓരോ കാർഡിനും അർഹതപ്പെട്ട റേഷൻ വിഹിതം, കൈപ്പറ്റിയ വിഹിതം, ഓരോ കടയിലെയും സ്റ്റോക്ക് വിവരങ്ങൾ, വിതരണക്രമം മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും.

(സി) ഇ-പോസ് യന്ത്രങ്ങളിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നതിലൂടെ റേഷൻ സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കുമെങ്കിലും സാധനങ്ങൾ റേഷൻ കടയിൽ പോയി വാങ്ങാൻ കഴിയാത്ത സാഹചര്യമുള്ളവർക്ക് പകരക്കാരെ നിയോഗിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

(സി) നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത കാർഡുടമകൾക്ക് പകരക്കാരെ (പ്രോക്സി) നിശ്ചയിക്കാൻ സാധിക്കും. പ്രോക്സി ആയി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡംഗം ആയിരിക്കണം. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നല്കിയാൽ മതിയാകും.

*സെക്ഷൻ ഓഫീസർ*